## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2196 07.07.2015-ൽ മറുപടിയ്ക്ക്

### പട്ടികവർഗ്ഗ സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതി

**ചോദ്യം**
ശ്രീ.രാജു എബ്രഹാം

**മറുപടി**
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ റാന്നി നിയോജക മണ്ഡലത്തിലെ ഏതൊക്കെ കോളനികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; ഓരോ കോളനിയിലും എന്തൊക്കെ വികസന പ്രവർത്തനങ്ങൾ നടത്താനാണ് നിശ്ചയിച്ചിരുന്നത്; ഓരോന്നിലും ചെലവാകുന്ന തുക എത്രയെന്ന് വിശദമാക്കാമോ; | എ) | പട്ടികവർഗ്ഗ സങ്കേതങ്ങളിലെ അടിസ്ഥാന വികസന പദ്ധതിയായ ഹാംലറ്റ് വികസന പദ്ധതിയിൽ റാന്നി നിയോജക മണ്ഡലത്തിലെ കുരുമ്പൻമൂഴി - മണക്കയം കോളനിയെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | പദ്ധതി | തുക |
|---|---|---|
| 1 | കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം | 24,00,000/- |
| 2 | ജീവനോപാധി | 7,91,036/- |
| 3 | റബ്ബർ റോളർ | 3,15,612/- |
| 4 | ടോയ്‌ലറ്റ് | 12,50,000/- |
| 5 | ഹെൽത്ത് സെന്റർ സാനിട്ടേഷൻ | 2,54,624/- |
| 6 | റോഡ് നിർമ്മാണം | 26,34,463/- |
| 7 | ഇലക്ട്രിഫിക്കേഷൻ | 2,80,450/- |
| 8 | അഗ്രിക്കൾച്ചർ | 5,72,550/- |
| 9 | മണക്കയം കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം | 2,50,000/- |
| 10 | മണക്കയം അംഗൻവാടി കിച്ചൺ നിർമ്മാണം | 75,000/- |

| | | | |
|---|---|---|---|
| ബി) | ഈ പദ്ധതി പ്രകാരം നിയോജക മണ്ഡലത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഏതൊക്കെ കോളനികളിൽ എന്തൊക്കെ പണികളാണ് പൂർത്തിയായിട്ടുള്ളത്; പൂർത്തിയാകാത്ത വികസന പ്രവർത്തനങ്ങൾ ഏതൊക്കെയെന്നും നിർമ്മാണം ഏതു ഘട്ടത്തിലാണെന്നും വിശദീകരിക്കാമോ; | ബി) | ജീവനോപാധി, റോഡ് നിർമ്മാണം എന്നീ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം, ഹെൽത്ത് സെന്റർ-സാനിട്ടേഷൻ എന്നീ പദ്ധതികൾ പുരോഗമിച്ച് വരുന്നു. |
| സി) | ഏതെങ്കിലും പദ്ധതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ; നിർമ്മാണം വൈകാനുണ്ടായ കാരണം വ്യക്തമാക്കാമോ; | സി) | ഉണ്ട്. ടോയ്‌ലെറ്റ് നിർമ്മാണം, റബ്ബർ റോളർ, ഇലക്ട്രിഫിക്കേഷൻ, അഗ്രികൾച്ചർ, മണക്കയം കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം, മണക്കയം അംഗൻവാടി കിച്ചൺ നിർമ്മാണം എന്നീ പദ്ധതികൾ ആരംഭിച്ചിട്ടില്ല. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെയാണ് ടി പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചുമതല ഏൽപ്പിച്ചിരിക്കുന്നത്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള കാലതാമസമാണ് പദ്ധതി നടപ്പാക്കൽ വൈകിയതിന് കാരണമായത്. |
| ഡി) | ഓരോ കോളനിയിലും പ്രവൃത്തികൾ എന്ന് പൂർത്തിയാകുമെന്ന് അറിയിക്കുമോ? | ഡി) | 30.09.2015-ന് മുമ്പ് പ്രവൃത്തികൾ പൂർത്തിയാക്കാൻ ഭവനനിർമ്മാണ ബോർഡിനോട് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ